# ഡോ. വാട്സന്റെ ഓർമയിൽ തലസ്ഥാനം

**തിരുവനന്തപുരം**

കഴിഞ്ഞ ദിവസം അന്തരിച്ച ഡിഎൻഎ ഘടന കണ്ടെത്തിയവരിൽ ഒരാളായ വിഖ്യാത അമേരിക്കൻ ശാസ്ത്രജ്ഞൻ ജയിംസ് ഡി വാട്സൻ കേരളത്തിലുമെത്തിയിരുന്നു. 1999 ജനുവരി 10, 11 തീയതികളിൽ ആർജിസിബി കേന്ദ്രം സന്ദർശിക്കുകയും അധ്യാപകരുമായും വിദ്യാർഥികളുമായും സംവദിക്കുകയും ചെയ്തിട്ടുണ്ട്. 'ഡിഎൻഎ ഘടനയുടെ ക്ലാസിക് കണ്ടുപിടിത്തത്തിന്റെ പ്രത്യാഘാതങ്ങളും ഡിഎൻഎയുടെ ഭാഷയിൽനിന്ന് തുടങ്ങുന്ന ജൈവ വിവര കൈമാറ്റത്തിന്റെ പ്രാധാന്യവും' എന്ന വിഷയത്തിൽ പ്രഭാഷണവും നടത്തി.



ഡോ. ജയിംസ് ഡി വാട്സണൊപ്പം ഡോ. ബി ഇക്ബാൽ, ഡോ. എം ആർ ദാസ്, പ്രൊഫ. എം കെ പ്രസാദ് എന്നിവർ (ഫയൽ ചിത്രം)

വാട്സൺ കേരളത്തിൽ വന്നപ്പോൾ നേരിൽ കാണാൻ ഭാഗ്യമുണ്ടായെന്നും ചില ചോദ്യങ്ങൾക്ക് ഉത്തരം തേടിയിരുന്നതായും ഡോ. ബി ഇക്ബാൽ ഓർമിച്ചു. അന്നത്തെ ശാസ്ത്ര സാങ്കേതിക കൗൺസിൽ അധ്യക്ഷൻ ഡോ. എം ആർ ദാസും പ്രൊഫ. എം കെ പ്രസാദും കൂടെയുണ്ടായിരുന്നു. വാട്സന്റെ ബൗദ്ധിക സംഭാവനകളെക്കാൾ ഏറ്റവും ആകർഷിച്ചതും ശ്രദ്ധേയമാക്കിയതും രണ്ട് നിർണായക സന്ദർഭങ്ങളിൽ സ്വീകരിച്ച ധാർമിക നിലപാടുകളാണ്.

ഹ്യൂമൻ ജീനോം പ്രോജക്ട് ആരംഭിച്ചപ്പോൾ, അതിന്റെ ആദ്യ അധ്യക്ഷനായിരുന്ന വാട്സൻ ജനിതകശാസ്ത്രവുമായി ബന്ധപ്പെട്ട ധാർമിക– നിയമപരവും സാമൂഹികവുമായ പ്രശ്നങ്ങളെ പഠിക്കാൻ ഒരു പ്രോജക്ടുകൂടി ആരംഭിച്ചിരുന്നു. പൊതുജനങ്ങളുടെ പണം ഉപയോഗിച്ച് കണ്ടെത്തുന്ന ജീനുകൾക്ക് പേറ്റന്റ് നൽകുന്നത് അറിവിന്റെ സ്വതന്ത്രമായ ഒഴുക്കിന് തടസ്സമാകുമെന്ന് വാട്സൻ ശക്തമായി വാദിച്ചു. ഇത് അംഗീകരിക്കപ്പെടാത്തതിനാൽ 1992ൽ പ്രോജക്ടിൽനിന്ന് അദ്ദേഹം രാജിവയ്ക്കുകയായിരുന്നു–ഇക്ബാൽ പറഞ്ഞു.

# ടെസ്സിയുടെ ഓർമകളിലുണ്ട്; വാട്സൺ എന്ന മാന്ത്രികസാന്നിധ്യം

## ഡിഎൻഎയുടെ പിരിയൻ ഗോവണി ഘടന കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ തിരുവനന്തപുരത്തെത്തിയത് 25 വർഷം മുൻപ്

**തിരുവനന്തപുരം** ▶ കാൽനൂറ്റാണ്ടുമുൻപുള്ള ആ ക്ലാസ്മുറി ഡോ. ടെസി തോമസ് മാളിയേക്കലിന്റെ മനസ്സിൽ ഇന്നുമുണ്ട് മായാതെ. മാനവജീവിതരഹസ്യത്തിന്റെ ചുരുളഴിച്ച ശാസ്ത്രപ്രതിഭയുടെ മാന്ത്രികസാന്നിധ്യമാണ് മുന്നിൽ.

വെറും പത്തുമിനിറ്റുമാത്രം നീണ്ട കൂടിക്കാഴ്ചയിൽ ടെസിയടക്കമുള്ള 13 വിദ്യാർഥികൾക്കുമുന്നിൽ അദ്ദേഹം വിജയരഹസ്യം കൂടി പങ്കുവെച്ചു: ''നാമൊരു പക്ഷേ, തോറ്റുകൊണ്ടിരിക്കും. അതിലൊന്നും മനസ്സ് മടുക്കാനോ നിരാശരാവാനോ പാടില്ല. വീണ്ടും വീണ്ടും പരിശ്രമിച്ചാൽ വിജയം നിങ്ങൾക്കായിരിക്കും. അതാണ് എന്റെ ഗവേഷണാനുഭവം.'' - ശനിയാഴ്ച മൺമറഞ്ഞ പ്രൊഫ. ജെയിംസ് ഡി. വാട്സന്റെ ഈ വാക്കുകൾ ഇന്നും ഹൃദയത്തുടിപ്പ് പോലെ ടെസിയുടെ ഓർമകളിലുണ്ട്. 1999 ജനുവരി 10, 11 തീയതികളിലായിരുന്നു വാട്സന്റെ കേരള സന്ദർശനം. തിരുവനന്തപുരം രാജീവ് ഗാന്ധി ബയോടെക്നോളജി സെന്റ(ആർജിസിബി)റിൽ വന്നപ്പോഴായിരുന്നു ടെസിയടക്കം 13 ഗവേഷണവിദ്യാർഥികളുമായി വാട്സന്റെ സംവാദം.



▶ 1999-ൽ കേരളത്തിലെത്തിയ ജെയിംസ് വാട്സൺ രാജീവ്ഗാന്ധി ബയോടെക്നോളജി സെന്ററിലെ സയൻസ് ലാബിൽ

ആർജിസിബി ഡയറക്ടറായിരുന്ന ഡോ. എം.ആർ. ദാസിന്റെ നിരന്തരപരിശ്രമത്തെ തുടർന്നാണ് ലോകപ്രശസ്തനായ ശാസ്ത്രജ്ഞൻ കേരളത്തിലെത്തിയതെന്ന് ടെസി 'മാതൃഭൂമി'യോടു പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ടിലെത്തിയ അദ്ദേഹത്തെ പൂച്ചെണ്ടുനൽകി വരവേൽക്കാനുള്ള ഭാഗ്യം ടെസിക്കു ലഭിച്ചു. 13 ഗവേഷണ വിദ്യാർഥികളുമായി പത്തു മിനിറ്റു നേരം അദ്ദേഹം സംവദിച്ചു. ഗവേഷണത്തിനിടെ വരാനിടയുള്ള പ്രശ്നങ്ങളും തടസ്സങ്ങളും അതെങ്ങനെ അതിജീവിക്കണമെന്നും വാട്സൺ പറഞ്ഞു. ഒട്ടേറെ തോൽവികളിലൂടെ താനൊടുവിൽ ലോകത്തെ തന്നെ മാറ്റിമറിച്ച ഗവേഷണത്തിലേക്ക് എത്തിച്ചേർന്ന അനുഭവവും വിദ്യാർഥികളോടു ചുരുക്കിപ്പറഞ്ഞു.

അന്നത്തെ വിദ്യാർഥികളിലൊരാളായ ടെസി ഇന്ന് അതേ ഇൻസ്റ്റിറ്റ്യൂട്ടിൽ ശാസ്ത്രജ്ഞയാണ്. മറ്റൊരാൾ തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ഇ. ശ്രീകുമാർ. വിദ്യാർഥികളുമായുള്ള സംവാദത്തിനുശേഷം വാട്സൺ ലാബുകൾ നോക്കിക്കണ്ടെന്ന് ടെസി പറഞ്ഞു. അതിനുശേഷം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ദേഹം പ്രഭാഷണവും നടത്തി.

വാട്സന്റെ ഓർമ്മകൾക്കും സംഭാവനകൾക്കും ആദരാഞ്ജലിയർപ്പിച്ച് ആർജിസിബിയിൽ ശനിയാഴ്ച അനുശോചനയോഗം ചേർന്നു. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ നടന്ന ബയോടെക്നോളജി വിപ്ലവത്തിന് അടിത്തറ പാകിയത് ഡിഎൻഎ ഘടന കണ്ടെത്തിയ ശാസ്ത്രനേട്ടമായിരുന്നുവെന്ന് ഡയറക്ടർ ഡോ. ടി.ആർ. സന്തോഷ്കുമാർ അനുസ്മരിച്ചു.

# പ്രൊഫ. ജെയിംസ് വാട്സന്റെ നിര്യാണത്തിൽ അനുശോചിച്ച് ആർജിസിബി

തിരുവനന്തപുരം: നൊബേൽ സമ്മാന ജേതാവും അമേരിക്കയിലെ കോൾഡ് സ്പ്രിങ് ഹാർബർ ലബോറട്ടറി (സിഎസ്എച്ച്എൽ) യുടെ മുൻ പ്രസിഡൻറുമായിരുന്ന പ്രൊഫസർ ജെയിംസ് വാട്സന്റെ നിര്യാണത്തിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ (ബ്രിക് -ആർജിസിബി) ശാസ്ത്ര സമൂഹം ദുഃഖം രേഖപ്പെടുത്തി.

ഡിഎൻഎയുടെ ഘടന കണ്ടെത്തിയതിലൂടെ ശാസ്ത്രത്തിൽ ഏറ്റവും നിർണായകമായ മുന്നേറ്റങ്ങളിലൊന്നാണ് ഡോ. വാട്സൻ നടത്തിയതെന്ന് ആർജിസിബി ഡയറക്ടർ (അഡീഷണൽ ചാർജ്) ഡോ. ടി ആർ സന്തോഷ് കുമാർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

'ഡിഎൻഎ ഘടനയുടെ ക്ലാസിക് കണ്ടുപിടിത്തത്തിന്റെ പ്രത്യാഘാതങ്ങളും ഡിഎൻഎയുടെ ഭാഷയിൽ നിന്ന് തുടങ്ങുന്ന ജൈവ വിവര കൈമാറ്റത്തിന്റെ പ്രാധാന്യവും' എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണവും നടത്തിയിരുന്നുവെന്ന് ഡോ. സന്തോഷ് കുമാർ പറഞ്ഞു.

# പ്രൊഫ. ജെയിംസ് വാട്സന്റെ നിര്യാണത്തിൽ അനുശോചിച്ച് ആർജിസിബി

**തിരുവനന്തപുരം:** നൊബേൽ സമ്മാന ജേതാവും അമേരിക്കയിലെ കോൾഡ് സ്പ്രിംഗ് ഹാർബർ ലബോറട്ടറി (സിഎസ്എച്ച്എൽ) യുടെ മുൻ പ്രസിഡന്റുമായിരുന്ന പ്രൊഫ. ജെയിംസ് വാട്സന്റെ നിര്യാണത്തിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ (ബ്രിക് ആർജിസിബി) ശാസ്ത്ര സമൂഹം ദുഃഖം രേഖപ്പെടുത്തി.

ഡിഎൻഎയുടെ ഘടന കണ്ടെത്തിയതിലൂടെ ശാസ്ത്രത്തിൽ ഏറ്റവും നിർണ്ണായകമായ മുന്നേറ്റങ്ങളിലൊന്നാണ് ഡോ. വാട്സൺ നടത്തിയതെന്ന് ആർജിസിബി ഡയറക്ടർ (അഡീഷണൽ ചാർജ്) ഡോ. ടി.ആർ. സന്തോഷ് കുമാർ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ നടന്ന ബയോടെക്നോളജി വിപ്ലവത്തിന് അടിത്തറ പാകിയത് ഈ നേട്ടമായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു. ആർജിസിബി സ്ഥാപക ഡയറക്ടർ, പരേതനായ പ്രൊഫ. എം. ആർ. ദാസിന്റെ കാലത്ത്, 1999 ജനുവരി 1011 തീയതികളിൽ ഡോ. വാട്സൺ തിരുവനന്തപുരത്തെ ആർജിസിബി കേന്ദ്രം സന്ദർശിക്കുകയും അധ്യാപകരുമായും വിദ്യാർത്ഥികളുമായും സംവദിക്കുകയും ചെയ്തിരുന്നു. 'ഡിഎൻഎ ഘടനയുടെ ക്ലാസിക് കണ്ടുപിടുത്തത്തിന്റെ പ്രത്യാഘാതങ്ങളും ഡിഎൻഎയുടെ ഭാഷയിൽ നിന്ന് തുടങ്ങുന്ന ജൈവ വിവര കൈമാറ്റത്തിൻറെ പ്രാധാന്യവും' എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണവും നടത്തിയിരുന്നുവെന്ന് ഡോ. സന്തോഷ് കുമാർ പറഞ്ഞു.

# വാട്സന്റെ ഓർമകളിൽ രാജീവ് ഗാന്ധി സെന്റർ

തിരുവനന്തപുരം ● ജയിംസ് ഡി.വാട്സന്റെ ഓർമകൾ പൂജപ്പുര രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ ഇന്നും നിറംമങ്ങാതെയുണ്ട്. വാട്സൻ 1999 ൽ തിരുവനന്തപുരം സന്ദർശിച്ചിരുന്നു. സെന്ററിന്റെ ഡയറക്ടറായിരുന്ന ഡോ. എം.ആർ.ദാസിനു വാട്സനുമായുണ്ടായിരുന്ന സൗഹൃദമാണ് സന്ദർശനത്തിനു വഴിയൊരുക്കിയത്. സെന്ററിന്റെയും ശ്രീചിത്ര മെഡിക്കൽ സെന്ററിന്റെയും നേതൃത്വത്തിൽ ശ്രീചിത്രയിൽ സംഘടിപ്പിച്ച ചടങ്ങിൽ 'ഹ്യൂമൻ ജീനോം പ്രോജക്ടി'നെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. മനുഷ്യപരിണാമത്തെക്കുറിച്ചുള്ള പഠനഫലങ്ങൾ ദുരുപയോഗപ്പെടുത്തിയേക്കാമെന്ന ആശങ്ക അദ്ദേഹം അന്നു പങ്കുവച്ചു. സെന്റർ ഡയറക്ടർ ഡോ. ടി. ആർ.സന്തോഷ് കുമാർ അനുശോചിച്ചു.



വാട്സൻ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി സന്ദർശിച്ചപ്പോൾ.

# പ്രൊഫ. ജെയിംസ് വാട്സനെ അനുശോചിച്ച് ആർജിസിബി

തിരുവനന്തപുരം: നൊബേൽ സമ്മാന ജേതാവും അമേരിക്കയിലെ കോൾഡ് സ്പ്രിംഗ് ഹാർബർ ലബോറട്ടറി (സിഎസ്എച്ച്എൽ) യുടെ മുൻ പ്രസിഡന്റുമായിരുന്ന പ്രൊഫസർ ജെയിംസ് വാട്സന്റെ മരണത്തിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ (ബ്രിക് -ആർജിസിബി) ശാസ്ത്ര സമൂഹം ദുഃഖം രേഖപ്പെടുത്തി. ഡിഎൻഎയുടെ ഘടന കണ്ടെത്തിയതിലൂടെ ശാസ്ത്രത്തിൽ ഏറ്റവും നിർണ്ണായകമായ മുന്നേറ്റങ്ങളിലൊന്നാണ് ഡോ. വാട്സൺ നടത്തിയതെന്ന് ആർജിസിബി ഡയറക്ടർ (അഡീഷണൽ ചാർജ്) ഡോ. ടി. ആർ. സന്തോഷ് കുമാർ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ നടന്ന ബയോടെക്നോളജി വിപ്ലവത്തിന്



*1999 ൽ ആർജിസിബിയിൽ സന്ദർശനത്തിനിടെ ഡോ. ജെയിംസ് വാട്സണും ആർജിസിബി സ്ഥാപക ഡയറക്ടർ പരേതനായ പ്രൊഫ. എം.ആർ. ദാസും.*

അടിത്തറ പാകിയത് ഈ നേട്ടമായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു. ആർജിസിബി സ്ഥാപക ഡയറക്ടർ, പരേതനായ പ്രൊഫ. എം. ആർ. ദാസിന്റെ കാലത്ത്, 1999 ജനുവരി 10-11 തീയതികളിൽ ഡോ. വാട്സൺ തിരുവനന്തപുരത്തെ ആർജിസിബി കേന്ദ്രം സന്ദർശിക്കുകയും അധ്യാപകരുമായും വിദ്യാർഥികളുമായും സംവദിക്കുകയും ചെയ്തിരുന്നു. 'ഡിഎൻഎ ഘടനയുടെ ക്ലാസിക് കണ്ടുപിടുത്തത്തിന്റെ പ്രത്യാഘാതങ്ങളും ഡിഎൻഎയുടെ ഭാഷയിൽ നിന്ന് തുടങ്ങുന്ന ജൈവ വിവര കൈമാറ്റത്തിന്റെ പ്രാധാന്യവും' എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണവും നടത്തിയിരുന്നുവെന്ന് ഡോ. സന്തോഷ് കുമാർ പറഞ്ഞു.

# RGCB mourns passing of James Watson

Scientific community at Rajiv Gandhi Centre for Biotechnology (BRIC-RGCB) expressed deep condolences on the passing of Nobel Prize winner James Watson, who achieved one of the most significant breakthroughs in science by solving the structure of DNA.

# RGCB scientists mourn DNA pioneer James Watson

T'Puram: Scientists at the Rajiv Gandhi Centre for Biotechnology (BRIC–RGCB) have mourned the passing of Professor James Watson, Nobel laureate and former president of the Cold Spring Harbor Laboratory (CSHL), US. During the tenure of Prof M R Das, RGCB's founder director, Watson had visited the institute in 1999 and interacted with faculty and students. He also delivered a public lecture on "The implications of the discovery of the DNA structure and the importance of biological information transfer."